# കാവ്യാംഗനയുടെ ചോദ്യം



വാസുദേവ് പുളിക്കൽ

കാവ്യാംഗനയൊരു ചോദ്യവുമായി
കാവ്യലോകത്തേക്കിറങ്ങി വന്നു
അക്ഷരമാലകളണിഞ്ഞുമണിവിരൽ
മോതിരമിട്ട് മറച്ച് പിടിച്ചും
ആപാദചൂഡമണിഞ്ഞൊരു നേരിയ
പുടവ തുമ്പുകൾ കാറ്റിലുലച്ചും
നെറ്റികുറിയിലെ കുങ്കുമമിത്തിരി
കയ്യിലെടുത്തവൾ ചോദ്യമെഴുതി
സുലളിത മോഹന കൽപ്പനകൾ
പൊൻ ചിറകിൽ പാറി നടക്കുമ്പോൾ
ദുർഗ്രഹയായൊരഭിസാരികയായ്
എന്നെ ദുഷിപ്പിക്കുന്നൊരു ദുഷ്ടർ
മൂകയും ബധിരയും ഭ്രാന്തിയുമായ്
പൊട്ടിപെണ്ണായ് കരുതരുതെന്നെ
ഞാനോ കവിത മനോഹരിയായവൾ
ഭാഷകൾ ചൂടും വാടാ ഹാരം
എന്നിലെയിതളുകൾ നുള്ളിയെറിഞ്ഞും
എന്നിലെ ഗന്ധം കാറ്റിലെറിഞ്ഞും
വാക്കുകൾ വെട്ടി, കുത്തി മലർത്തി
ശവമാക്കുന്നു നൂതന കവികൾ
കടലാസ്സ് പൂവ്വായി മാറ്റുന്നു ചിലർ
എന്നെ, കവികൾ കലയില്ലാത്തോർ
പഴമയിലെന്നും പുണ്യം പുലരുമൊരനർഘ
സുന്ദര കവിതകൾ എവിടെ?

*************************